ഇഹ്സാൻ

# നഷ്ടംപറ്റുന്നത് ജനങ്ങൾക്ക്

**മുഖ്യമന്ത്രി** വി.എസ്. അച്യുതാനന്ദനും സഖാവ് പിണറായി വിജയനും തമ്മിലുള്ള ശീതസമരം അതിന്റെ എല്ലാ നിലവാരവും വിട്ട് കത്തിക്കയറുന്നത് കണ്ടുരസിക്കുകയാണ് മലയാളികൾ. ഇതെഴുതുന്ന ദിവസത്തെ പ്രവണതയനുസരിച്ച് രണ്ടിലൊരാൾ മാത്രമേ ഇനി പാർട്ടിയിലോ ഭരണത്തിലോ ബാക്കിയുണ്ടാവാൻ പോകുന്നുള്ളൂ. രണ്ടാളും ഒന്നിച്ചു മുന്നോട്ടുപോകുന്നതിന്റെ സാധ്യത അസ്തമിച്ചു തുടങ്ങിയിരിക്കുന്നു. അച്യുതാനന്ദൻ സഖാവ് പിണറായിയെ കുറിച്ച് പറയുന്നതും പിണറായി തിരിച്ചടിക്കുന്നതുമെല്ലാം തങ്ങളിരുവരും ഒരേ പാർട്ടിക്കാരാണെന്ന് ഭാവിയിൽ അവർക്കു തന്നെ വിശദീകരിച്ച് വെളുപ്പിക്കാൻ കഴിയാത്തവിധം മോശപ്പെട്ട രീതിയിലാണ്. അഴിമതിക്കാരനായ കമ്യൂണിസ്റ്റുകാരനെ കുറിച്ച കുത്തും, ഭാഷയിലെ സംസ്കാരശൂന്യതയെ കുറിച്ച തോണ്ടും കർമണി പ്രയോഗങ്ങളാണെങ്കിൽകൂടി ജനത്തിന് മനസ്സിലാവുന്നുണ്ട്.

പൊതുജനത്തിന്റെ കാര്യം പോകട്ടെ, സി.പി.എം എന്ന സംഘടനയെ തന്നെ മറന്നാണ് ഈ നേതാക്കൾ അങ്കം വെട്ടുന്നത്. ഇവരുടെ പ്രത്യയശാസ്ത്രപരമായ ഉൾപ്പിരിവുകളിൽ ആരുടെ പക്ഷത്താണ് നന്മയെന്നും ആരാണ് തിന്മയുടെ വക്താവെന്നതും അത്ര പ്രധാനപ്പെട്ട സംഗതിയല്ല. സി.പി.എമ്മിനെ നന്നാക്കലല്ലല്ലോ പൊതുജനത്തിന്റെ പണി. തങ്ങൾ ഏൽപിച്ചുകൊടുത്ത സംസ്ഥാന ഭരണം സി.പി.എം മതിയായ വിധത്തിൽ ചെയ്യുന്നില്ല എന്നേ ഏറിയാൽ ജനത്തിന് മനസ്സിലാവുകയുള്ളൂ. മറുഭാഗത്ത് പൊതുജനത്തിന് ഇതിൽ ഒരു പങ്കുമില്ലെന്ന അഹന്തയിലാണ് പിണറായി സഖാവ് മുന്നോട്ടു പോകുന്നത്. അച്യുതാനന്ദനെ ഭരണം ഏൽപിച്ചതിൽ വെറും സാങ്കേതികമായ പങ്ക് മാത്രമേ തന്റെ സംഘടനക്ക് ഉള്ളൂവെന്ന കാര്യം അദ്ദേഹം മറക്കുന്നു. മുഖ്യമന്ത്രി അച്യുതാനന്ദനെ എങ്ങനെ മറ്റൊരു മൻമോഹൻസിംഗാക്കി മാറ്റിയെടുക്കാം എന്ന പിടിവാശിയിലാണ് പാർട്ടി സെക്രട്ടറി. ഇത് ഉപേക്ഷിക്കാത്തേടത്തോളം കാലം നാട്ടിൽ ഭരണം നടക്കാൻ പോകുന്നില്ല. ഇത് വ്യക്തികളുടെ നട്ടെല്ലുമായി കൂടി ബന്ധപ്പെട്ട പ്രശ്നമാണ്. അമേരിക്കക്ക് അത് പണയംവെച്ചവന് സോണിയാഗാന്ധിക്ക് മൊത്തത്തിൽ ഊരിക്കൊടുക്കുന്നതിനു പോലും തടസ്സമുണ്ടാവാനിടയില്ല. എന്നാൽ അതല്ല അച്യുതാനന്ദന്റെ കാര്യമെന്ന് ഇനിയും പിണറായി സഖാവിനും കാരാട്ട് സഖാവിനും മനസ്സിലാവാത്തതല്ല. 'വെട്ടൊന്ന് മുറി രണ്ട്' എന്ന പ്രമാണക്കാരനായ ഒരാളെ കാര്യങ്ങൾ ഏൽപിച്ചുകൊടുക്കുകയും എന്നിട്ട് അയാളെ മൻമോഹൻ സിംഗ് ആക്കിയെടുക്കണമെന്ന് വിചാരിക്കുകയും ചെയ്താൽ കാര്യം നടക്കുന്നതെങ്ങനെ? അറുപതു വർഷത്തിലേറെയായി നേതൃസ്ഥാനത്ത് തങ്ങൾക്ക് അടുത്തറിവും പരിചയവുമുള്ള ഒരു വ്യക്തിയിൽനിന്നാണ് അവർ അടിസ്ഥാനപരമായ മാറ്റം പ്രതീക്ഷിക്കുന്നത്. മൻമോഹനെ കസേരയിലിരുത്തി മറ്റാരൊക്കെയോ ചേർന്ന് നാടു ഭരിക്കുന്ന രീതിയിൽ ഒരു മുൻകൂർ ഉടമ്പടി നേരത്തേ സി.പി.എം തയാറാക്കിയിരുന്നില്ലെങ്കിൽ ഇരുചെവിയറിയാതെ ഭരണവും കച്ചവടവും നടന്നുപോയേനെ. പാർട്ടിയിൽ സെക്രട്ടറിയാണ് വലുത് എന്ന സ്ഥിതിക്ക് പൊതുജനത്തിന്റെ ചെലവിൽ കാര്യം നടത്തിക്കളയാമെന്നത് മൗഢ്യമാണ്. കേരളത്തിലെ അവസാനത്തെ വോട്ടറും കമ്യൂണിസ്റ്റുകാരനാവുമ്പോൾ മാത്രമേ ഇതിന് വല്ല സാധ്യതയും ഉണ്ടാവുമായിരുന്നുള്ളൂ.

സൂക്ഷ്മമായി വിലയിരുത്തിയാൽ അഞ്ചുകൊല്ലത്തെ 'കച്ചവടം' നഷ്ടപ്പെടുന്നതിന് പാർട്ടി നൽകുന്ന അമിത പ്രാധാന്യമാണ് സി.പി.എം നേരിടുന്ന പ്രശ്നത്തിന്റെ മർമം. അക്കൂട്ടത്തിൽ ഒരു വ്യക്തി എന്ന നിലയിൽ തന്റെ സ്വകാര്യ താൽപര്യങ്ങൾക്ക് പിണറായി അമിത പ്രാധാന്യം നൽകുന്നതും കാണാനാവും. അദ്ദേഹത്തോടൊപ്പം കൂടിയിരിക്കുന്നവരും താൽപര്യങ്ങളുടെ കുഴലൂത്തുകാരാണ്. മുഖ്യമന്ത്രിക്ക് ചാരന്മാരെ പോലെ രണ്ട് സെക്രട്ടറിമാരെ വെച്ചു കൊടുക്കുക, ഓരോ നീക്കങ്ങളിലും അപ്പപ്പോൾ പാർട്ടി സെക്രട്ടറി ഇടപെട്ടുകൊണ്ടിരിക്കുക, ജനങ്ങൾക്ക് താൽപര്യമുള്ള വിഷയങ്ങളിൽ പോലും പാർട്ടിയുടെ മുട്ടാപ്പോക്കു നയങ്ങൾ അടിച്ചേൽപ്പിക്കുക, ഭൂമി മാഫിയയെയും കുലാക്കുകളെയും ലോട്ടറിക്കാരെയും പെൺവാണിഭക്കാരെയും കമ്യൂണിസത്തിന്റെ പേരുപറഞ്ഞു കൊണ്ടുതന്നെ താങ്ങിനിർത്തുക... സാമാന്യ യുക്തിക്കു പോലും നിരക്കാത്ത സങ്കൽപ്പങ്ങളാണ് പാർട്ടി നിലപാടുകളുടെ അടിസ്ഥാനമായി മാറുന്നത്. അച്യുതാനന്ദൻ പറയുന്ന കാര്യങ്ങൾക്ക് സി.പി.എമ്മുമായി ഒരു ബന്ധവുമില്ലെന്ന് വാദത്തിന് സമ്മതിച്ചുകൊടുക്കുക. പക്ഷേ ജനങ്ങൾ അതാണ് ആഗ്രഹിക്കുന്നതെങ്കിൽ എ.കെ.ജി സെന്ററിന് എന്തുകാര്യം? മുഖ്യമന്ത്രിക്കസേരയിൽ പിണറായിയാണ് ഇരിക്കുന്നതെങ്കിൽ നാളെ അദ്ദേഹം തീരുമാനിക്കട്ടെ, ജനങ്ങൾ ഫാരിസ് അബൂബക്കറിനും സാന്റിയാഗോ മാർട്ടിനും അതുപോലുള്ള വൻകിട മുതലാളിമാർക്കും ഒപ്പമാണെന്ന്. യഥാർഥ ആഗ്രഹം അച്യുതാനന്ദന്റേതും പിണറായിയുടേതുമല്ലെന്നും വോട്ടർമാരായ പൊതുജനത്തിന്റേതാണെന്നും ഇരുവരും തിരിച്ചറിയുന്നത് നന്ന്.

എന്തായാലും രണ്ട് വ്യക്തികൾ തമ്മിലുള്ള ഈ മൂപ്പിളമ തർക്കത്തിൽ ദുർബലമാകുന്നത് ഇടതുപക്ഷം എന്ന വിശാലമായ ആശയമാണെന്നതിൽ തർക്കമേയില്ല. എല്ലാ തിന്മകളോടും കൂടിയാണെങ്കിലും ഇടതുപക്ഷം നിലനിൽക്കലാണ് കാലഘട്ടത്തിന്റെ ആവശ്യം. അച്യുതാനന്ദനെ അദ്ദേഹത്തിന്റെ പാട്ടിന് ഭരിക്കാൻ വിട്ടിരുന്നുവെങ്കിൽ കേരളം വരും തെരഞ്ഞെടുപ്പുകളിലും സി.പി.എമ്മിനോടൊപ്പം നിൽക്കുമായിരുന്നെന്നാണ് നിഷ്പക്ഷമായി വിലയിരുത്തിയാൽ മനസ്സിലാക്കാൻ കഴിയുക. ക്ഷമയോടെ കാത്തുനിൽക്കുകയും അതുവരെ ബുദ്ധിപരമായി ഭരണത്തിന്റെ അനുകൂല്യങ്ങൾ മുതലാക്കുകയുമാണ് പിണറായിയിലെ രാഷ്ട്രീയക്കാരൻ ചെയ്യേണ്ടിയിരുന്നത്. പകരം, സ്വന്തം താൽപര്യങ്ങൾ മാത്രമല്ല സംസ്ഥാനത്തെ എല്ലാ തണ്ടുതപ്പികളുടെ വക്കാലത്തും ഒന്നിച്ച് ഏറ്റെടുക്കുകയാണ് അദ്ദേഹം ചെയ്തത്. നിയമവാഴ്ചയുടെയും സാമൂഹിക നീതിയുടെയും മാനവികതയുടെയും അവസരസമത്വത്തിന്റെയും തത്ത്വങ്ങളെ മുഴുവൻ പാർട്ടി വിരുദ്ധമായി ചിത്രീകരിച്ച് അദ്ദേഹം സി.പി.എമ്മിനെ ഏതുവഴിയിലൂടെ നടത്തിച്ചു എന്നതിനാണ് ഇനി കാലവും ചരിത്രവും സാക്ഷി നിൽക്കാൻ പോകുന്നത്. അടുത്ത 25 വർഷത്തേക്ക് കേരളത്തിലേക്ക് തിരിഞ്ഞുനോക്കേണ്ട എന്നു പോലും യു.ഡി.എഫ് വൃത്തങ്ങൾ കാര്യങ്ങളെ വിലയിരുത്തിയ സമയമുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ സി.പി.എമ്മിന്റെ അവസ്ഥയോ? ലീഗിന്റെ ഒരു സീറ്റ് പിടിച്ചടക്കിയതുൾപ്പെടെ 18 സീറ്റുകളിൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജയിച്ചുകയറിയ പാർട്ടിക്ക് ഇക്കുറി എത്രയെണ്ണം കിട്ടുമെന്ന് കണ്ടുതന്നെ അറിയണം. ■